ശ്രീ. എ. ജെ. ജോൺ: നടത്തിക്കൊണ്ടിരിക്കുകയാണ്.

*944. [33] Not put.

പള്ളുരുത്തിയിലെ ടി. ബി. ക്ലിനിക്ക്

*൯൪൫. (൯൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി പള്ളുരുത്തിയിലുള്ള ടി. ബി. ക്ലിനിക്കിന്റെ പ്രവർത്തനത്തിന് ഇനി എത്ര കാലതാമസം വരും; അതിനുള്ള കാരണമെന്താണ്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): പള്ളുരുത്തിയിലെ ടി. ബി. ക്ലിനിക്ക് ൧൦—൧൦—൧൯൫൦ മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: കൊച്ചിയിൽ വേറെ ടി. ബി. ക്ലിനിക്ക് ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: തൃശ്ശൂരിൽ ഒന്നുണ്ട്.

ശ്രീ. മന്നാർ ഗോപാലൻ നായർ: എറണാകുളത്ത് ഉണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. എം. ഐ. പോൾ: പള്ളുരുത്തിയിലുള്ള ക്ലിനിക്കിൽ എത്ര ഡാക്ടർമാരുണ്ട്?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേരുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ ഇനിയും ആവശ്യമുള്ള മരുന്നുകൾ എത്തിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെ മരുന്നുകൾ കൊടുത്തിട്ടുണ്ട്. പോരാതെ വരുന്ന മരുന്നുകൾ അവിടെ അടുത്തുള്ള ആശുപത്രിയിൽനിന്നും കൊടുക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

അയിത്താചാരം

*൯൪൬. (൯൫) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തെ പൊതുനിരത്തുകൾ സംരക്ഷണനിയമനിർമ്മാണത്തിനു ശേഷവും, പല സ്ഥലങ്ങളിലും ചായക്കടകളിലും കാപ്പിക്കടകളിലും അയിത്താചാരം നടത്തിവരുന്നതായും തൻനിമിത്തം കലാപങ്ങൾക്കും അക്രമങ്ങൾക്കും സംഗതിയായി വരുന്നതായും പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൽ എന്തുനടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉണ്ട്.

(ബി) അതേപ്പറ്റി അന്വേഷണം നടത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ കുറ്റംചെയ്തിട്ടുള്ളവരുടെ പേരിൽ കേസ്സുകൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ നിയമനിർമ്മാണം നടത്തിയതിനുശേഷം ആ നിയമത്തെ അതിലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് ആശാസ്യമല്ലെന്ന ഗവൺമെന്റിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആശാസ്യമല്ലാഞ്ഞിട്ടാണ് അങ്ങനെയുള്ളവരുടെ പേരിൽ നടപടി നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly